## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.331*** | **13.12.2018-ൽ മറുപടിയ്ക്ക്**

**<u>പ്രളയം കാരണം നികുതി വരുമാനത്തിലുണ്ടായ കുറവ്</u>**

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി.<br>,, മഞ്ഞളാംകുഴി അലി<br>,, കെ.എം.ഷാജി<br>,, എം.ഉമ്മർ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പ്രളയം കാരണം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ കുറവ് സംഭവിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) | പ്രളയം പൊതുവെ കേരളത്തിന്റെ സാമ്പത്തിക മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനത്തിന്റെ ശരാശരി മാസ ജി.എസ്.ടി വരുമാനം ഏകദേശം 650 കോടി രൂപയാണ്. 2018 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ എസ്.ജി.എസ്.ടി നികുതിപിരിവ് 527.51 കോടി രൂപയും, 525.30 കോടി രൂപയുമാണ്. എന്നാൽ പ്രളയത്തെത്തുടർന്ന് യഥാസമയം നികുതി റിട്ടേൺ ഫയൽ ചെയ്യുവാൻ പല സാങ്കേതിക ബുദ്ധിമുട്ടുകളും അനുഭവപ്പെടുന്നു എന്ന് വ്യാപാരികൾ ചൂണ്ടിക്കാട്ടിയതിനെത്തുടർന്ന് ജൂലൈ മാസത്തിലെ റിട്ടേൺ ഫയൽ ചെയ്യേണ്ട തീയതി ആഗസ്റ്റ് 20 ൽ നിന്ന് ഒക്ടോബർ 5 ആയും ആഗസ്റ്റ് മാസത്തിലെ റിട്ടേൺ ഫയൽ ചെയ്യേണ്ട തീയതി സെപ്റ്റംബർ 20 ൽ നിന്ന് ഒക്ടോബർ 10 ആയും ദീർഘിപ്പിക്കുകയുണ്ടായി. 2018 ഒക്ടോബറിലെ എസ്.ജി.എസ്.ടി നികുതിപിരിവ് 793.50 കോടി ആണ്. ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ എസ്.ജി.എസ്.ടി നികുതിപിരിവ് ഭാഗികമായി ഒക്ടോബർ മാസത്തിലെ നികുതിപിരിവിൽ ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ വ്യാപാരികൾ ഫയൽ ചെയ്യുന്ന നികുതിറിട്ടേണിൽ എല്ലാ വിശദാംശങ്ങളും ലഭ്യമല്ല. ഒരു സംക്ഷിപ്ത വിവരണം മാത്രമേ നിലവിൽ ലഭ്യമാകുകയുള്ളൂ. കൂടാതെ, പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച സാധനങ്ങളിന്മേലുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വ്യാപാരികൾ സ്വമേധയാ തിരുത്തി പുതുക്കിയ |

| | | | |
|---|---|---|---|
| | | | റിട്ടേണും നിയമപ്രകാരം ഫയൽ ചെയ്യേണ്ടതുണ്ട്. ഇത് ഇതുവരെയും നടപ്പിലാക്കിയിട്ടില്ല. മേൽ വിവരിച്ച സാഹചര്യത്തിൽ, പ്രളയത്തെത്തുടർന്നുണ്ടായ കൃത്യമായ നികുതിവരുമാന നഷ്ടം തിട്ടപ്പെടുത്താൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. എന്നാൽ, ജി.എസ്.ടി കോമ്പൻസേഷൻ നിയമപ്രകാരം 2015-16 സാമ്പത്തിക വർഷത്തെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കി നഷ്ടപരിഹാരം നൽകുന്നതിനാൽ കേരളത്തിന്റെ നികുതിപിരിവിനെ ഇത് സാരമായി ബാധിച്ചിട്ടില്ല. |
| (ബി) | ഈ വരുമാന നഷ്ടം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റംസ്കൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുകയും ചെയ്തു.<br>2. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>3. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിനു വേണ്ടി 4 ഡെപ്യൂട്ടി കമ്മീഷണർ അപ്പീൽ പോസ്റ്റും 12 അസിസ്റ്റന്റ് കമ്മീഷണർ (അപ്പീൽ) പോസ്റ്റും കൂടുതലായി അനുവദിച്ചു.<br>4. റിട്ടേൺ സ്കൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.<br>5. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.<br>6.നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.<br>7. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിററ് വിഭാഗം ശക്തിപ്പെടുത്തി.<br>8.മെറ്റൽ ക്രഷർ യൂണിറ്റുകൾ മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനായി തദ്ദേശ സ്വയംഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>9. ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.<br>10. നികുതി വെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമാണ് റെയിൽവേ വഴിയുള്ള കള്ളക്കടത്ത്. ഇത്തരം ചരക്ക് കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചിട്ടുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്.<br>11. സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയതിനെ തുടർന്ന് ചെക്ക് പോസ്റ്റുകൾ ഇല്ലാതായി. അതുകൊണ്ട് അതിർത്തി കടന്നു വരുന്ന വാഹനങ്ങളിൽ ഇ-വേ ബിൽ പരിശോധന കർശനമാക്കുന്നതിന് വേണ്ടി ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം വർദ്ധിപ്പിച്ച് അതിർത്തികളിൽ വിന്യസിച്ചു |

(ഒപ്പ്)
സെക്ഷൻ ഓഫീസർ